സഹകരണമേഖലയിൽ കാർഷിക സേവന കേന്ദ്രങ്ങൾ

124(2325) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണമേഖലയിൽ പുതിയ കാർഷിക സേവന കേന്ദ്രങ്ങൾ തുടങ്ങി കർഷകർക്ക് ആവശ്യമായ സേവനങ്ങൾ നൽകുമെന്ന ബഡ്ജറ്റ് പ്രഖ്യാപനം നടപ്പാക്കിയിട്ടുണ്ടോ; നിലവിലെ അവസ്ഥ വ്യക്തമാക്കുമോ; ഇതിനായി നീക്കിവച്ച തുകയിൽ എത്ര ചെലവഴിച്ചു ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ കാർഷിക മേഖലയിൽ നൽകി വന്നിരുന്ന ലോണുകളടക്കം നിയമനിർമ്മാണത്തിലൂടെ തകർക്കുകയാണ് ചെയ്തതെന്നുള്ള ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച നിലപാട് വ്യക്തമാക്കുമോ?

ഉത്തരം

(എ) നടപ്പാക്കിയിട്ടുണ്ട്. 2012-13 സാമ്പത്തിക വർഷത്തിൽ കേരളത്തിലെ 14 ജില്ലകളിലെ തെരഞ്ഞെടുത്ത 40 ബ്ലോക്കുകളിലായി 40 സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിലും 2013-14 വർഷത്തിൽ 20 ബ്ലോക്കുകളിലെ 20 സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിലും കർഷകസേവന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. കർഷകസേവന കേന്ദ്രങ്ങൾവഴി കാർഷിക മേഖലയിൽ യന്ത്രവൽക്കരണം നടപ്പിലാക്കിവരുന്നു. കർഷകർക്ക് അത്യുല്പാദനശേഷിയുള്ള വിത്ത്, മികച്ച നടീൽ വസ്തുക്കൾ, വളം, കീടനാശിനി എന്നിവ ലഭ്യമാക്കുന്നു. മികച്ച പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിലൂടെ ആധുനിക കാർഷിക രീതികളിൽ പ്രാവീണ്യം നേടുന്നതിനുള്ള കർമ്മപദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കാർഷിക വിളകളുടെ ഉത്പാദന സംഭരണ വിതരണ പ്രവർത്തനങ്ങൾക്ക് മികച്ച സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കർഷകർക്ക് ആവശ്യമായ ആധുനിക കാർഷികോപകരണങ്ങളുടെ സേവനം ലഭ്യമാക്കുന്നുണ്ട്. തരിശുനിലകൃഷി, പച്ചക്കറി കൃഷി തുടങ്ങി വിവിധയിനം കാർഷിക പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനവും സഹായവും നൽകിവരുന്നു. അത്യാധുനിക കൃഷിരീതികളായ പോളിഹൗസ്/ഗ്രീൻഹൗസ് പോലെയുള്ള പദ്ധതികൾ സ്ഥാപിച്ചു നടപ്പിലാക്കിയിട്ടുണ്ട്. ഗുണമേന്മയുള്ള നഴ്സറികൾ സ്ഥാപിച്ച് തൈകളുടെ ലഭ്യത ഉറപ്പുവരുത്തുന്നു. സഹകരണ മേഖലയിൽ മണ്ണ് ഗവേഷണ കേന്ദ്രങ്ങൾ സ്ഥാപിക്കുകവഴി മെച്ചപ്പെട്ട സാങ്കേതിക സഹായം കർഷകർക്ക്

LIBRARY ARCHIVES Kerala Legislative Assembly

ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കാർഷിക വിദഗ്ധന്റെ സേവനം ലഭ്യമാക്കുന്നതിനും മണ്ണ് പരിശോധനാ ലബോറട്ടറികൾ സ്ഥാപിച്ച് ആയതിന്റെ സേവനം കർഷകർക്ക് ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

സാമ്പത്തിക വർഷം	അനുവദിച്ച തുക	ചെലവഴിച്ചത്
2012-13	1000 ലക്ഷം	1000 ലക്ഷം
2013-14	1000 ലക്ഷം	1000 ലക്ഷം
2014-15	610 ലക്ഷം	610 ലക്ഷം
2015-16	500 ലക്ഷം	ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

(ബി) ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

തൃക്കരിപ്പൂർ അഗ്രിക്കൾച്ചറൽ വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് അഫിലിയേഷൻ

125(2326) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലാ സഹകരണ ബാങ്കിൽ നിലവിലുള്ള ഭരണസമിതി അധികാരമേറ്റെടുത്തശേഷം എത്ര സഹകരണ സ്ഥാപനങ്ങൾക്ക് അഫിലിയേഷൻ നൽകിയിട്ടുണ്ട്;

(ബി) അഫിലിയേഷൻ നൽകിയിട്ടുണ്ടെങ്കിൽ അവയുടെ പേരും വിലാസവും ലഭ്യമാക്കാമോ;

(സി) തൃക്കരിപ്പൂർ അഗ്രിക്കൾച്ചർ വെൽഫയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി എസ് 391-ന് ജില്ലാ സഹകരണ ബാങ്കിൽ അഫിലിയേഷനു വേണ്ടി രണ്ടു തവണ അപേക്ഷ നൽകിയിട്ടും ലഭിക്കാത്ത സാഹചര്യത്തിൽ സഹകരണ വകുപ്പ് ജില്ലാതല ഉദ്യോഗസ്ഥന് പരാതി നൽകി വീണ്ടും അപേക്ഷ സമർപ്പിച്ചുവെങ്കിലും അഫിലിയേഷൻ നൽകാത്തതെന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 27 സംഘങ്ങൾക്ക് അഫിലിയേഷൻ നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly